# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 15) 549/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ജനറൽ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 15) 549/2023 തീയ്യതി: 27/04/2023

## തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുധാദാസ് | ജോയിന്റ് ഡയറക്ടർ | 17-04-2023 | 20-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-04-2023 | 20-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വിജയലക്ഷ്മി വിനയചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജെന്നിഫർ | സെക്രട്ടറി | 01-04-2021 | 02-05-2021 |

| | | | |
|---|---|---|---|
| ഫാൻസി | | | |
| ശ്രീമതി.ദിവ്യ കുഞ്ഞുണ്ണി | സെക്രട്ടറി | 03-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടി.ബാബു | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സീജോ.പി.എസ് | അസി.എഞ്ചിനീയർ | 01-04-2021 | 19-10-2021 |
| ശ്രീമതി.ശ്രുതി എൻ സുബ്രമഹ്ണ്യൻ | അസി.എഞ്ചിനീയർ(ഇൻ ചാർജ്) | 20-10-2021 | 04-11-2021 |
| ശ്രീ.സീജോ.പി.എസ് | അസി.എഞ്ചിനീയർ | 05-11-2021 | 16-11-2021 |
| ശ്രീമതി.സിമി സെബാസ്റ്റ്യൻ | അസി.എഞ്ചിനീയർ(ഇൻ ചാർജ്) | 17-11-2021 | 12-12-2021 |
| ശ്രീമതി.ജയ ഒ.ആർ | അസി.എഞ്ചിനീയർ | 13-12-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ്ദ് ഹാരിസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ഡോ.ടി.വി.ബിന്ദു | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി.കവിത വേലായുധൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലീന ജോസഫ് | ശിശു വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഡിജി.എം.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സെറിൻ ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-8-1 |
| 10 | വാടക ഡിമാന്റ് ഒറ്റത്തവണമാത്രം രേഖപ്പെടുത്തിയിരിക്കുന്നു | 1-8-2 |
| 11 | വാടക ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-8-3 |
| 12 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-8-4 |
| 13 | ജേണൽ വൗച്ചറുകൾക്ക് വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് | 1-8-5 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-6 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-7 |
| 16 | ഡിപ്രിസിയേഷൻ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-8-8 |
| 17 | ആസ്തിയുടെ മൂല്യം കുറവ് വന്നത് പരിഹരിക്കേണ്ടതാണ് | 1-8-9 |
| 18 | Public Lighting - B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല | 1-8-10 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-8-11 |
| 20 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി. | 1-8-12 |
| 21 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-8-13 |
| 22 | ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ | 1-9 |
| 23 | വാടക-തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-10 |
| 24 | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ | 1-11 |
| 25 | ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കിയില്ല | 1-12 |
| 26 | കമ്മിറ്റി തീരുമാനം-തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് | 1-13 |
| 27 | വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-14 |
| 28 | എന്റെ പാടം എന്റെ പുസ്തകം കൈപ്പറ്റ് രസീത് ഇല്ല | 1-15 |

| | | |
|---|---|---|
| 29 | മരുന്ന് ലഭ്യമായിട്ടില്ല | 1-16 |
| 30 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അപാകതകൾ | 1-17 |
| 31 | ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് വിഹിതം നൽകൽ-ചെലവ് തുക പൊരുത്തമില്ല. | 1-18 |
| 32 | മാലിന്യസംസ്കരണം-ചെലവ് രേഖകൾ പൂർണ്ണമല്ല | 1-19 |
| 33 | സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി. | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.02.2021, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 350987568 | 345432627 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | പാസ്സാക്കിയിട്ടില്ല | |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 02.06.2022 | 31-7-2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6400369 |
| വരവ് | 62771803 |
| ആകെ | 69172172 |
| ചെലവ് | 62447040 |
| നീക്കിയിരിപ്പ് | 6725132 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 15513539 | 15391000 | 122539 |
| വികസനഫണ്ട്-എസ് സി പി | 12876828 | 12800000 | 76828 |
| വികസനഫണ്ട്-ടി എസ് പി | 63744 | 51000 | 12744 |
| മെയിന്റനൻസ്-റോഡിതരം | 4962981 | 4668342 | 294639 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 4836427 | 4301596 | 534831 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 2866000 | 2866000 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പദ്ധതിയുടെ ശതമാനം | പൂർത്തീകരിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|
| 78 | 40316000 | 74 | 40077938 | 94.87 | 99.41 |

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-04-2023 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.
വൗച്ചർ പരിശോധനയിലെ അപാകതകൾ താഴെ ചേർക്കുന്നു.

തൻ വർഷത്തെ വൗച്ചറുകൾ പ്രതിമാസമായി സൂക്ഷിച്ചിട്ടുണ്ട് എന്നാൽ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ തീയതി അടിസ്ഥാനത്തിലാണ് വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത്. കണ്ടിജന്റ് ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പകരം ചെക്ക് ഇഷ്യൂ രജിസ്റ്ററാണ് എഴുതി സൂക്ഷിക്കുന്നത്. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ വൗച്ചർ നമ്പർ ചേർക്കുന്നില്ല. തീയതി അടിസ്ഥാനത്തിലാണ് ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതുന്നത്. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന പേമെന്റ് വൗച്ചർ പ്രിന്റ് എടുത്തു വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് വൗച്ചറുകൾ മാത്രമാണ് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുള്ളത്. സാംഖ്യയിലെ എല്ലാ വൗച്ചറുകളും മാസാടിസ്ഥാനത്തിൽ പ്രിന്റ് എടുത്ത് പേമെന്റ് വൗച്ചർ സഹിതം വൗച്ചർ നമ്പർ അടിസ്ഥാനത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 1-8 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ താഴെ ചേർക്കുന്നു.
ഇക്കാര്യത്തിൽ നൽകിയ 18.04.2023 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 1 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-8-1 പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-8-2 വാടക ഡിമാന്റ് ഒറ്റത്തവണമാത്രം രേഖപ്പെടുത്തിയിരിയ്ക്കുന്നു

2021-22 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (3 കെട്ടിടങ്ങൾ) | 130100101-Rent From Building | 100000 | 31.03.2022 | 42100057 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-8-3 വാടക ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത്

ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായിസൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാടക ഡിമാന്റ് രജിസ്റ്റർ

1-8-4 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-8-5 ജേണൽ വൗച്ചറുകൾക്ക് വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200101-Prior Period Income-Rent From Building | (9830) |
| 280800701-Prior Period- Programme Expenses | (697875) |

1-8-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-8-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 324763 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (732172) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-8-8 ഡിപ്രിസിയേഷൻ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 3032573 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-8-9 ആസ്തിയുടെ മൂല്യം കുറവ് വന്നത് പരിഹരിക്കേണ്ടതാണ്

31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Movable Assets-Vehicles എന്ന ആസ്തിക്ക് 761050 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തിയുടെ 31/3/2022-ലെ Accumalated Depreciation 761050 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-8-10 Public Lighting - B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-17(a) ഷെഡ്യൂളിൽ Public Lighting എന്ന ആസ്തിയ്ക്ക് തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ ആസ്തി ബാലൻസ്ഷീറ്റിലെ- B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8-11 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികകണക്കുകളിലെ B-7, B-18 പ്രകാരമുള്ള നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

## 1-8-12 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി.

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| 410300102- Roads Tarred | 2340920 |
| 410300101-Roads Cement Concrete | 734897 |
| 410300302-Bridges | 1989804 |
| 410400101-Drinking Water Sources | 403897 |
| 410400103-Drinking Water -Pipelines | 2812472 |
| 410500101-Irrigation Sources | 1842825 |
| 410600101-Electricity Mycro Hydel Project | 1805913 |

ഈ ആസ്തികളിന്മേൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതാണ്.

## 1-8-13 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)).

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1. | Treasury Covid Account | 799012900000555 | 02/22-03/22 |
| 2 | Canara Bank TSC | 1171033 | 2/22-3/22 |

## 1-9 ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ

A)കൃഷി അസി. ഡയറക്ടർ നടപ്പിലാക്കിയ എന്റെ പാടം എന്റെ പുസ്തകം പദ്ധതി -ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ.

'എന്റെ പാടം എന്റെ പുസ്തകം ' പദ്ധതിയിൽ 22 വായനശാലകളിൽ നിന്ന് 25 ശതമാനം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് 2 രസീത് പുസ്തകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. രസീത് പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(2) ബി പ്രകാരം നിർവഹണോദ്യോഗസ്ഥൻ നല്കുന്ന രസീതി അക്കൗണ്ട്സ് മാനവലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളത് ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്കൗണ്ട്സ് മാനവൽ നിലവിൽ ഇല്ലാത്തതിനാൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള മാനവൽ രസീതാണ് നിർവ്വഹണ ഉദ്യോഗസ്ഥരും ഉപയോഗിക്കേണ്ടത്.

2. രസീത് പുസ്തകങ്ങൾക്ക് നമ്പർ ഇല്ല.

3. രസീത് പുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ ഇല്ല.

4. രസീത് പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് ഇല്ല.

5. 22 വായനശാലകളിൽ നിന്ന് ആണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരിക്കുന്നത്. ഹാജരാക്കിയ രസീത് പുസ്തകങ്ങളിൽ ഒന്നിൽ 1 മുതൽ 10 വരെയും രണ്ടാമത്തേതിൽ 11 മുതൽ 22 വരെയുമാണ് രസീതുകൾ ഉള്ളത്.

6. രസീത് പുസ്തകങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സീൽ ഇല്ല. രസീത് പുസ്തകങ്ങൾ ബ്ളോക്ക് പഞ്ചായത്ത് നൽകിയതാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.

7. രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതിനു പകരം ഒറിജിനൽ ഗുണഭോക്താവിന് നൽകി.

ഡബിൾസൈഡഡ് കാർബൺ ഉപയോഗിക്കേണ്ടതിനു പകരം സിംഗിൾ സൈഡഡ് കാർബൺ ആണ് രസീതുകളിൽ ഉപയോഗിച്ചിരിക്കുന്നത് (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(2) C).

8. 22 വായനശാലകളിലെ 20 ഗുണഭോക്താക്കളിൽ നിന്ന് 250 രൂപ നിരക്കിൽ 5000 രൂപ വീതമാണ് ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ ഇല്ല. ഓരോ ഗുണഭോക്താവിൽ നിന്നും തുക പിരിച്ചെടുക്കാതെ വായനശാലകളിൽ നിന്ന് ഒരു രസീതിൽ 5000 രൂപ (20x250=5000) ഈടാക്കുകയാണ് ചെയ്തിരിക്കുന്നത്.

9. 'എന്റെ പാടം എന്റെ പുസ്തകം ' പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം 2022-23 സാമ്പത്തിക വർഷം 20.10.2022 മുതൽ 17.11.2022 വരെയുള്ള തീയതികളിലെ രസീതുകളിലായി 154000 രൂപ അടവാക്കിയിട്ടുണ്ട്. ടി തുക ഗുണഭോക്താവിൽ നിന്നും പിരിച്ചെടുത്തതിന്റെ രേഖകൾ, രസീത് പുസ്തകങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കിയില്ല.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ-2/18.04.2023 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.
B)മാനവൽ രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ക്രമ നം.9 മുതൽ 14 വരെയുള്ള രസീതികൾ സ്റ്റോക്കിൽ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്കിന്റെ ഭൌതിക പരിശോധനക്ക് ക്രമനം.9 രസീതി ബുക്ക് ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 5/19-4-2023). ടി രസീതി ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 വാടക-തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള പൈങ്ങോട് മഹിളാസമാജം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രവിരാജൻ മാസ്റ്റർ സ്മാരക വായനശാലക്ക് 5550 രൂപ വാടക കുടിശ്ശിക ഉള്ളതിനാൽ ആയത് അടവാക്കണമെന്ന് അറിയിച്ചുകൊണ്ട് 10/3/22 ൽ ഡി 953/18നമ്പർ പ്രകാരം കത്ത് നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വാടകക്കാരുടെ പക്കൽ നിന്നും യാതൊരുവിധ തുടർ നടപടികളും ഇല്ലാത്തതിനാൽ അടവാക്കേണ്ട തുക 7 ദിവസത്തിനകം അടവാക്കണമെന്നും അല്ലാത്ത പക്ഷം മറ്റു നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്നും ഡി. 953/18 നമ്പർ ഓർമ്മക്കുറിപ്പ് 5/5/22 തീയതിയിൽ നല്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ

മറുപടിയിൽ 17-2-23 ലെ കമ്മിറ്റി തീരുമാനം നം.10(1) പ്രകാരം വായനശാലയ്ക്ക് നോട്ടീസ് നല്കുകയും ആകെ കുടിശ്ശികയായ 12810 രൂപയിൽ 6100 രൂപ 31-3-2023 ന് അടവാക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കി തുക ഒരു മാസത്തിനുള്ളിൽ അടവാക്കി കരാർ പുതുക്കാത്ത പക്ഷം നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണ നം. 8/19-4-23).

2) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 19/165 നമ്പർ കെട്ടിടത്തിലെ എൽ. ഇ.ഡി.സോളാർ ഇൻവെർട്ടർ എന്നിവ വിൽക്കുന്ന സ്ഥാപനത്തിന് വാടക ഇനത്തിൽ ഫെബ്രുവരി 2020 മുതൽ ജൂൺ 2021 വരെയുള്ള കാലയളവിൽ 17 മാസത്തെ കുടിശ്ശിക 11180 രൂപ ഉള്ളതായും വാടക കരാർ ജനവരി 4-ാം തീയതി അവസാനിക്കുന്നതായും കുടിശ്ശിക തുക നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം അടവാക്കി കരാർ പുതുക്കണമെന്നും 9/3/22 ൽ ഡി 953/18 നമ്പർ നോട്ടീസ് പ്രകാരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ 17-2-23 ലെ കമ്മിറ്റി തീരുമാനം നം.10(1) പ്രകാരം സ്ഥാപനത്തിന് 20-2-23 തീയതിയിൽ നോട്ടീസ് നല്കിയെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ അടുത്ത ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ ആവശ്യമായ നിയമ നടപടികൾക്കുള്ള തീരുമാനം കൈക്കൊള്ളുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 8/19-4-23).

3) വാടക ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വാടക ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന മറുപടി യാണ് ലഭ്യമായിട്ടുള്ളത്. ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം . 8/19-4-23).

## 1-11 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ

പ്രോജക്ടിന്റെ പേര് : വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം

പ്രോജക്ട് നം: 17/22

മുഖ്യമേഖല : ഉല്പാദനം

അടങ്കൽ തുക : 320000/- (എസ്.സി.പി)

ചെലവ് തുക : 320000/- (എസ്.സി.പി)

വൗച്ചർ നം: 22100640/- 28-2-2022, തുക : 160000/-

വൗച്ചർ നം: 22100406/- 15-12-2021, തുക : 160000/-

1) വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്ത്രീകളുടെ 5 പേരടങ്ങിയ ട്രെൻഡിങ്ങ് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്, പടിയൂർ ഗ്രാമപഞ്ചായത്തിലെ പാദരക്ഷ നിർമ്മാണയൂണിറ്റ് (സ്ത്രീകൾ- 5പേർ) എന്നിവയ്ക്ക് മേൽ പദ്ധതിയിൽ സബ്സിഡിയായി 160000/- രൂപ വീതം കൈമാറിയിട്ടുണ്ട്. സ.ഉ.കൈ.നം. 22/2018 ത.സ്വ.ഭ.വ, 14/2/2018 സബ്സിഡി മാർഗ്ഗരേഖ ചെറുകിടവ്യവസായം ഖണ്ഡിക 6.4 മാനദണ്ഡം അനുസരിച്ച് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുത്. ഫയൽ പരിശോധനയിൽ മേൽ സൂചിപ്പിച്ച പ്രകാരം ധനസഹായം ലഭ്യമായിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഗ്രൂപ്പംഗങ്ങൾ ഹാജരാക്കിയിട്ടില്ല.

2) വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലെ ട്രെൻഡിങ്ങ് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിന്റെ ഫയൽ പരിശോധനയിൽ യൂണിറ്റിൽ സാധന സാമഗ്രികൾ വാങ്ങിയതുമായി ബന്ധപ്പെട്ട ജി.എസ്.ടി ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക | സ്ഥാപനം |
|---|---|---|
| B186/11.12.21 | 15000/- | മാർലോ പേപ്പർ ബാഗ്സ്, ഇരിങ്ങാലക്കുട |
| B185/11.12.21 | 25000/- | മാർലോ പേപ്പർ ബാഗ്സ്, ഇരിങ്ങാലക്കുട |
| B184/11.12.21 | 80000/- | മാർലോ പേപ്പർ ബാഗ്സ്, ഇരിങ്ങാലക്കുട |

| | | |
|---|---|---|
| 075/9.12.21 | 120000/- | മാർലോ പേപ്പർ ബാഗ്സ്, ഇരിങ്ങാലക്കട |
| 20/12/21 | 31800/- | ആലപ്പാട്ട് ഫർണീച്ചർ ഗാലറി |
| 2/1/22 | 28200/- | ആലപ്പാട്ട് ഫർണീച്ചർ ഗാലറി |

അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 9/20-4-23).

## 1-12 ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കിയില്ല

2021-22 വർഷത്തെ ഓഡിറ്റിനായി താഴെ കൊടുക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-10/20.4.2023).

1. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പുത്തൻചിറ

2.പട്ടികജാതി വികസന ഓഫീസർ
3.വ്യവസായ വികസന ഓഫീസർ

4.ചൈൽഡ് ഡവലപ്പമെന്റ് പ്രോജക്ട് ഓഫീസർ

5.കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ട്രഷറി ഇ-ബിൽ ബുക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുകകളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇ-ബിൽ ബുക്ക് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കമ്മിറ്റി തീരുമാനം-തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

27-11-21ലെ അജണ്ട-10, തീരുമാനം-3 പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ വെള്ളൂർ സബ്സെന്ററിലെ നിർമ്മാണ പ്രവൃത്തികൾ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പുത്തൻചിറ ഗ്രാമപഞ്ചായത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നും, പ്രസ്തുത നിർമ്മാണ പൂർത്തീകരണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിനായി PWD ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതിന് അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. മണ്ണ് നീക്കി തുടർപ്രവർത്തനങ്ങൾക്ക് അനുമതി നൽകി. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട വസ്തുവായതിനാൽ ഇപ്പോൾ മണ്ണ് നീക്കുന്നതിന്റെയും, മുൻപ് ആ ആസ്തിയിൽ നിന്ന് മണ്ണ്, മരം തുടങ്ങിയവ വിൽപന നടത്തിയതിന്റെയും വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ബ്ലോക്ക് പഞ്ചായത്തിലേക്ക് അറിയിക്കണമെന്നും ലഭിച്ച തുക ലേല നടപടി ചെലവുകൾ കഴിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടക്കണമെന്നും ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെടാനും തുടർനടപടികൾക്ക് സെക്രട്ടറിയെ ചുമതലപ്പെടുത്താനും കമ്മിറ്റി തീരുമാനിച്ചു. പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം./പേര് | കൈമാറിയ തുക | ബിൽനം./വൗച്ചർ നം.,തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|
| 49/22 പടിയൂർ മാരാംകുളം ജലസംഭരണിയിലേക്ക് കുടിവെള്ളമെത്തിക്കൽ | 500000/- | 22100570, Dt.17/2/22 | കേരളാ വാട്ടർ അതോറിറ്റി |
| 80/22 പടിയൂർ കണ്ടംകുളം ജലസംരക്ഷണ പദ്ധതിക്ക് | 500000/- | 46/21-22, Dt.20-1-22 | പടിയൂർഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | | | |
| 45/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 60440/-<br>40395/-<br>48300/-<br>200000/- | 22100063,14-7-22<br>22100136,28-7-22<br>22100199,11-8-22<br>22100100,14-7-22 | പടിയൂർ ഗ്രാമപഞ്ചായത്ത്<br>""""<br>""""<br>പുത്തൻചിറ ഗ്രാമപഞ്ചായത്ത് |

## 1-15 എന്റെ പാടം എന്റെ പുസ്തകം കൈപ്പറ്റ് രസീത് ഇല്ല

പദ്ധതി നമ്പർ-24/22 (എന്റെ പാടം എന്റെ പുസ്തകം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി അസി. ഡയറക്ടർ

വൗച്ചർ നമ്പർ-22100418/24.12.2021-330000/-രൂ (പ്ലാൻഫണ്ട്)

വൗച്ചർ നമ്പർ-32100014/11.11.2021-110000/-രൂ (ഗുണഭോക്തൃ വിഹിതം)

മേൽ പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.)'എന്റെ പാടം എന്റെ പുസ്തകം ' പദ്ധതിയിൽ 22 വായനശാലകളിൽ നിന്നുള്ള വനിത കൂട്ടായ്മകളിലെ 20 അംഗങ്ങൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള സാമഗ്രികൾ വെള്ളാങ്കല്ലൂർ കാർഷിക സേവന കേന്ദ്രത്തിൽ നിന്ന് ആണ് വാങ്ങി നൽകിയിരിക്കുന്നത്. ഇവ ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് (വായനശാലകളിലെ കർഷക ഗ്രൂപ്പുകളുടെ) ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കൈപ്പറ്റ് രസീത് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ- 1/18.04.2023 ). കൈപ്പറ്റ് രസീത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) ഈ പദ്ധതിയിൽ വായനശാലകൾ വനിത കൂട്ടായ്മകളുടെ ഗുണഭോക്തൃവിഹിതം (25%) പിരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് (രസീത് പിരിവിലെ അപാകത ഈ റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1-9 ൽ ചേർത്തിട്ടുണ്ട്) സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 22/2018/ ത.സ്വ.ഭ.വ /14.02.2018 ഖ.6.1.13 പ്രകാരം കാർഷിക സേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുക്കുന്നതിന് നിർദ്ദേശമില്ല മറിച്ച് കാർഷിക സേവന കേന്ദ്രം സബ്സിഡി ത്തുക കുറവ് ചെയ്ത ബിൽ ഗുണഭോക്താവിന് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക സ്ഥാപനത്തിന് നൽകുകയുമാണ് ചെയ്യേണ്ടത്.

3. പദ്ധതിയുടെ മോണിറ്ററിങ്ങ് നടത്തിയതിന്റെ രേഖകൾ, ഡോക്യുമെന്റേഷൻ രേഖകൾ എന്നിവ ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 330000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 മരുന്ന് ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ-46/22&59/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ

മേൽ പദ്ധതികളിൽ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക കൈമാറിയ ശേഷം മരുന്ന് ലഭ്യമാകാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭിക്കുവാനുള്ള മരുന്ന് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പദ്ധതി നമ്പർ-46/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | PRF-228/15.5.21 | 60095 |
| 2 | പദ്ധതി നമ്പർ-59/22സെക്കന്ററി പാലിയേറ്റീവ് | PRF-4954 | 234040 |

മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അപാകതകൾ

പദ്ധതി നമ്പർ-46/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ
വൗച്ചർ നമ്പർ-22100104/29.6.21-402718/-
വൗച്ചർ നമ്പർ-22100202/16.8.21-25560/-

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.ഈ പദ്ധതിയിൽ മെഡിക്കൽ അനുബന്ധഉപകരണങ്ങൾ സെൻട്രൽ സർജിക്കൽസ് തൃശ്ശൂർ (177954/-), ട്രിച്ചൂർ സർജിക്കൽസ് (164669/-) എന്നീ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. 25000 രൂപക്ക് മുകളിലുള്ള സാധനങ്ങൾ GeM മുഖേന വാങ്ങേണ്ടതാണ്. GeM ൽ നിന്ന് പ്രസ്തുത സാമഗ്രികൾ വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ചും GeM ൽ നിന്ന് ലഭ്യമല്ലാത്ത പക്ഷം ടെണ്ടർ മുഖേനയാണ് സാധനങ്ങൾ വാങ്ങേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നമ്പർ-11/20.4.23) മറുപടി ലഭ്യമാക്കിയില്ല.

2.നീതി മെഡിക്കൽസ് പുത്തൻചിറയിൽ നിന്നും ഇൻവോയ്സ് നമ്പർ-48489/4.2.22 പ്രകാരം 14850 രൂപക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ മാത്രമേ നീതി മെഡിക്കൽസിൽ നിന്നും മരുന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി ഉള്ളൂ. ആയതിന് HMC തീരുമാനം ആവശ്യമാണ്.എന്നാൽ HMC തീരുമാനം ഫയലിൽ ഇല്ല. HMC തീരുമാനം ഉണ്ടെങ്കിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3. പദ്ധതിയുടെ ചെലവ് സുലേഖ പത്രിക പ്രകാരം 604977 രൂപ ആണ്. എന്നാൽ ഫയലിൽ 594827 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഉള്ളൂ. ബാലൻസ് തുകക്കുള്ള ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് വിഹിതം നൽകൽ-ചെലവ് തുക പൊരുത്തമില്ല.

പദ്ധതി നമ്പർ-39/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ
വൗച്ചർ നമ്പർ-22100610/24.11.21-100000/-
വൗച്ചർ നമ്പർ-22100614/29.12.21-99923/-
വൗച്ചർ നമ്പർ-22100611/24.11.21-363800/-
വൗച്ചർ നമ്പർ-22100661/14.3.22-51152/-
വൗച്ചർ നമ്പർ-22100654/7.3.22-85125/-

ഗ്രാമ പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് വിഹിതം നൽകൽ പദ്ധതി പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും വകയിരുത്തിയിരുന്ന വിഹിതം താഴെ ചേർക്കുന്ന ചേർക്കുന്നു.

വെള്ളാങ്ങല്ലൂർ-150000/-

പൂമംഗലം - 150000/-

പുത്തൻചിറ 100000/-

പടിയൂർ-150000/-

വേളൂക്കര -150000/-

എന്നാൽ ഫയൽ പരിശോധിച്ചതിൽ വിവിധ പഞ്ചായത്തുകൾ നൽകിയ വിനിയോഗ സാക്ഷ്യപത്രത്തിലെ തുകകളും മേൽ തുകകളും തമ്മിൽ പൊരുത്തമില്ല.

വെള്ളാങ്ങല്ലൂർ-100000/-

പൂമംഗലം - 363800/-

പുത്തൻചിറ -നൽകിയിട്ടില്ല

പടിയൂർ-വിഹിതം ലഭ്യമായില്ല എന്ന സാക്ഷ്യപത്രം നൽകി.

വേളൂക്കര - 99923/

ആകെ- 563723/-

അംഗീകരിക്കപ്പെട്ട പദ്ധതിയിലെ രേഖപ്പെടുത്തലിനു വിരുദ്ധമായി തുക നൽകുവാനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നമ്പർ-11/20.4.23) ലഭ്യമാക്കിയില്ല. സാംഖ്യ ചെലവ് രേഖ പ്രകാരം മേൽ പദ്ധതിയുടെ ചെലവ് 700000 രൂപ ആണ്. ഇത് വിനിയോഗ സാക്ഷ്യപത്രവുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് നൽകിയ തുക വിനിയോഗിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

1-19 മാലിന്യസംസ്കരണം-ചെലവ് രേഖകൾ പൂർണ്ണമല്ല

പദ്ധതി നമ്പർ-40/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ
വൗച്ചർ നമ്പർ-22100651/7.3.22-10089/-

മേൽ പദ്ധതിയിൽ മാലിന്യം കൊണ്ടുപോയതിന് ഇമേജിന് 10089 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 8614 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ഉള്ളൂ. 1475 രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നമ്പർ-11/20.4.23) രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക (1475 രൂപ) തടസ്സപ്പെടുത്തുന്നു.

1-20 സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തി.

എ) പദ്ധതി നമ്പർ-59/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സി.എച്ച്.സി പുത്തൻചിറ
വൗച്ചർ നമ്പർ-22100106/8.7.21-602519/-
സെക്കന്ററി പാലിയേറ്റീവ് (So)

മേൽ പദ്ധതിയിൽ കേരള സിഡ്കോ മാർക്കറ്റിങ്ങ് ഒല്ലൂർ എന്ന സ്ഥാപനത്തിന് 230066 രൂപ കൈമാറിയിട്ടുണ്ട്. ഇൻവോയ്സിലെ രേഖപ്പെടുത്തൽ വ്യക്തമല്ലാത്തതിനാൽ ഏത് സാമഗ്രികളാണ് വാങ്ങിയതെന്ന് വ്യക്തമല്ല.നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

ബി) പദ്ധതി നമ്പർ-32/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിഎച്ച്സി പുത്തൻചിറ

സെക്കന്ററി പാലിയേറ്റീവ് New
വൗച്ചർ നമ്പർ-22100360/19.11.21-195567/-

മേൽ പദ്ധതിയിൽ കേരള സിഡ്കോ മാർക്കറ്റിങ്ങ് ഒല്ലൂർ എന്ന സ്ഥാപനത്തിന് 182717 രൂപ കൈമാറിയിട്ടുണ്ട്. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് (മാസ്ക്, ഗ്ലൗസ്, കോളോപ്ലാസ്റ്റ്, ഡയലൈസർ...) തുക കൈമാറിയത്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

മേൽ പദ്ധതികളിൽ സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം വാങ്ങൽ നടത്തിയതിന് ആധാരമായ സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നമ്പർ-11/20.4.23) ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവുകൾക്കനുസൃമായി മാത്രം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്ക പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭിച്ചതായി കാണുന്നുണ്ടെങ്കിലും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇതു സംബന്ധിച്ച വിശദാംശംങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിന് തുകയൊന്നും മറ്റ് സ്ഥാപനങ്ങൾക്ക് നൽകിയില്ല എങ്കിലും പഴയ തുക ബാലൻസ് നിൽക്കുന്നതായി വാർഷിക കണക്കിൽ കാണുന്നുണ്ട്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | | | കട്ടപ്പശ്ശേരി ഉന്നൂർ കുടിവെള്ള പദ്ധതി | കമ്മറ്റി പരിഗണനയിൽ |
| 1998-99 | 45 | | | മൂന്നാംകാട് കെട്ടുചിറ സമഗ്ര | കമ്മറ്റി പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | കൃഷി വികസന പദ്ധതി | |
| 1998-99 | 46 | | | മഴവഞ്ചേരി തുരുത്ത് പാലം | കമ്മറ്റി പരിഗണനയിൽ |
| 1998-99 | 47 | | | പട്ടിക വർഗ പുനരധിവാസ പദ്ധതി | കമ്മറ്റി പരിഗണനയിൽ |
| 1999-2000 | 33 | | | മൂന്നാംകാട് കെട്ടുചിറ | കമ്മറ്റി പരിഗണനയിൽ |
| 1999-2000 | 34 | | | മഴവഞ്ചേരി തുരുത്ത് പാലം | കമ്മറ്റി പരിഗണനയിൽ |
| 1999-2000 | 35 | | | പട്ടിക വർഗ പുനരധിവാസ പദ്ധതി | കമ്മറ്റി പരിഗണനയിൽ |
| 1999-2000 | 37 | | | കട്ടപ്പശ്ശേരി ഉന്നൂർ കുടിവെള്ള പദ്ധതി | കമ്മറ്റി പരിഗണനയിൽ |
| 2000-2001 | 36 | | | സർവീസ് സഹകരണ സംഘങ്ങൾക്ക് പ്ലാൻ ഫണ്ട് വിഹിതം കൈമാറിയത് | കമ്മറ്റി പരിഗണനയിൽ |
| 2000-2001 | 38 | | | പ്ലാൻ ഫണ്ട് ദുർവിനിയോഗം | കമ്മറ്റി പരിഗണനയിൽ |
| 2001-2002 | 3(1) | | | സർവീസ് സഹകരണ ബാങ്കുകളുടെ പദ്ധതി തുക തിരിച്ചടവ് സംബന്ധിച്ച് | കമ്മറ്റി പരിഗണനയിൽ |
| 2002-2003 | 3(4) | | | കൊമ്പത്ത് കടവ് കുടിവെള്ള പദ്ധതി | കമ്മറ്റി പരിഗണനയിൽ |
| 2004-2005 | 3(1) | | | കൊയ്ത്തുമെതിയന്ത്രം അധിക ചെലവ് | കമ്മറ്റി പരിഗണനയിൽ |
| 2007-2008 To 2010-11 | 3(2) | | | കൊയ്ത്തുമെതിയന്ത്രം | കമ്മറ്റി പരിഗണനയിൽ |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62771803 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62447040 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 331475 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 330000 | ശ്രീ. മുഹമ്മദ് ഹാരിസ്, കൃഷി അസി. ഡയറക്ടർ |
| 1-19 | 1475 | ഡോ.ബിനു ടി. വി, മെഡിക്കൽ ഓഫീസർ സിഎച്ച്സി |
| | 331475 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് ഹാരിസ്, കൃഷി അസി.ഡയറക്ടർ, വെള്ളാങ്കല്ലൂർ | ശ്രീ. മുഹമ്മദ് ഹാരിസ്, കൃഷി അസി.ഡയറക്ടർ, വെള്ളാങ്കല്ലൂർ | പുതിയവീട്ടിൽ, കാട്ടൂർ, 680702 |
| ഡോ.ബിനു ടി വി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പുത്തൻചിറ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പുത്തൻചിറ | തൈവളപ്പിൽ, പുത്തൻചിറ, 680682 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 | എൽ.എഫ്.ടി9-313/2000 തീ. 24.4.00/17.5.00 | 4 | 44 | |
| | | | | 45, 46, 47 | സമാഹൃതം |

| | | | | | |
|---|---|---|---|---|---|
| 2 | 1999-2000 | എൽ.എഫ്.ടി9-293/2001 തീ. 27.4.2001 | 4 | 33, 34, 35 | സമാഹൃതം |
| | | | | 37 | |
| 3 | 2000-01 | എൽ.എഫ്.ടി9-1608/2001 തീ. 24.8.02 | 3 | 36 | സമാഹൃതം |
| | | | | 38, 40 | |
| 4 | 2001-02 | എൽ.എഫ്.ടി9-2119/05 തീ. 04.02.06/14.11.06 | 1 | 3-1 | |
| 5 | 2002-03 | എൽ.എഫ്.ടി21-2438/07 തീ. 02.08.08/16.10.08 | 2 | 3-4 | സമാഹൃതം |
| | | | | 3-5 | |
| 6 | 2004-05 | എൽ.എഫ്.ടി21-2440/07 തീ. 02.08.08/16.10.08 | 2 | 3-1 | സമാഹൃതം |
| | | | | 3-5 | |
| 7 | 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബിപി)2267/12 തീ. 05.02.13 | 5 | 3-2 | സമാഹൃതം |
| | | | | 3-3, 3-7, 3-17, 3-19 | |
| 8 | 2011-12 | എൽ.എഫ്.ടി(ബിപി)1584/13 തീ. 09.01.14 | 6 | 3-2എ, 3-7, 3-8, 3-9എ(2,3), 3-9ബി, 3-12 | |
| 9 | 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബിപി2)1734/15 തീ. 08.12.15/06.01.16 | 1 | 3-15 | |
| 10 | 2014-15 | കെ.എസ്.എ.ടി.എസ്.ആർ (ബിപി2)670/16 തീ. 19.05.16/19.8.16 | 2 | 3-1, 3-2(3) | |
| 11 | 2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബിപി2)321/17 തീ. 24.3.17 | 3 | 3-1(3,8), 3-3(3), 3-6(1,2,3,5,6) | |
| 12 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ (ബിപി2)1724/17 തീ. 01.12.17 | 1 | 2-1(2) | |
| 13 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ (ബിപി2)132/19 തീ. 02.05.19 | 4 | 2-1(2), 3-4, 3-6, 3-9(4) | |
| 14 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ (ബിപി2)325/20 | 3 | 1-13, 1-15(1), 1-15(3) | |

| | | | | | |
|---|---|---|---|---|---|
| | | തീ. 09.06.20 | | | |
| 15 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി15)985/22 തീ. 13.07.2022 | 21 | 1-8 മുതൽ 1-27 വരെ,3-1 | |
| 16 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ (പി15)986/22 തീ. 13.07.2022 | 29 | 1-8 മുതൽ 1-36 വരെ | |
| | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | | 91 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വെള്ളങ്ങല്ലൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്